**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2435** **15-10-2024 - ൽ മറുപടിയ്ക്ക്**

**വെഞ്ഞാറമൂട് പുതിയ സബ്ട്രഷറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിൽ വെഞ്ഞാറമൂട് കേന്ദ്രമാക്കി പുതിയ സബ് ട്രഷറി അനുവദിക്കുന്നതിനായി ലഭിച്ച ശുപാർശയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ട്രഷറി വകുപ്പ് പൂർണ്ണമായും IFMS-ന്റെ കീഴിൽ വിജയകരമായി പ്രവർത്തിച്ചു വരികയാണ്. നിലവിൽ ട്രഷറിയിലെ എല്ലാ സേവിംഗ്സ് ബാങ്ക് സംവിധാനവും കോർ ബാങ്കിംഗിന്റെ കീഴിൽ ആണ് പ്രവർത്തിക്കുന്നത്. ആയതിനാൽ ഈ സംവിധാനം ഉപയോഗിച്ചു നിലവിൽ ഏതു ട്രഷറിയിൽ നിന്നും ഇടപാടുകൾ നടത്താവുന്നതാണ്. ഇപ്രകാരം ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് ട്രഷറി ഇടപാടുകൾ ഏതു ട്രഷറിയുടെ കീഴിലും നടത്താവുന്നതിനാലും വിഭവ സമാഹരണത്തിനു കടുത്ത പ്രതിസന്ധി നേരിടുന്ന നിലവിലെ സാമ്പത്തിക സ്ഥിതിയിൽ അധിക ബാധ്യതകൾ ഏറ്റെടുക്കാൻ സർക്കാരിനു കഴിയാത്തതിനാലും പുതിയ ട്രഷറികൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല . |
| (ബി) | വെഞ്ഞാറമൂട് പുതിയ സബ്ട്രഷറി അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ബി) | മറുപടി ‘എ’ പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ